ഉത്തരം

(എ) 1.12.98-ൽ പരിശീലനത്തിനായി 684 റിക്രൂട്ട് പി.സി.മാരെ പാണ്ടിക്കാട്ടെ ക്യാമ്പിലേയ്ക്ക് അയയ്ക്കുകയുണ്ടായി. തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലുള്ള താമസസൗകര്യത്തിന്റെയും അടിസ്ഥാനസൗകര്യത്തിന്റെയും അപര്യാപ്തതയാണ് ഇതിനുകാരണം.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിഗണനയിലില്ല.

93 (93) ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടെ യാത്രാ ബത്ത

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ പ്രതിമാസ ടി.എ./ഡി.എ. എത്രയാണ്;

(ബി) ഇതിന്റെ 50 ശതമാനം മാത്രം ലഭിക്കുന്ന ഏതെങ്കിലും ആംഡ് പോലീസ് ബറ്റാലിയൻ യൂണിറ്റ് സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ ഏത് യൂണിറ്റാണെന്നും ഇതിനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്തുമോ;

(സി) എല്ലാ ആംഡ് പോലീസ് ബറ്റാലിയൻ യൂണിറ്റുകളിലെ സബ് ഇൻസ്പെക്ടർമാർക്കും ഒരേ നിരക്കിൽ ടി.എ./ഡി.എ. അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടിസ്ഥാന ശമ്പളം 1600 ഉം അതിൽ കൂടുതലുള്ള പി.ടി.എ. ലഭിക്കാത്ത എ.പി.എസ്.ഐ.മാർക്ക് 460 രൂപയും 1600 രൂപയിൽ കുറവായ അടിസ്ഥാന ശമ്പളമുള്ള പി.ടി.എ. ലഭിക്കാത്ത എ.പി.എസ്.ഐ.മാർക്ക് 430 രൂപയും പ്രതിമാസ ടി.എ. ലഭിക്കുന്നു. പി.ടി.എ. ലഭിക്കുന്നവർക്ക് ഇവ യഥാക്രമം 315 ഉം 270 ഉം രൂപ നിരക്കിലാണ് ലഭിക്കുന്നത്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

94 (94) ക്രൈം റിക്കോഡ്സ് ബ്യൂറോയിൽ ഉദ്യോഗസ്ഥരുടെ നിയമനം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്രപേർ ക്രൈം റിക്കോഡ്സ് ബ്യൂറോയിൽ ജോലി ചെയ്യുന്നു;

(ബി) ഇത്രയും ജീവനക്കാരുടെ ആവശ്യം അവിടെയുണ്ടോയെന്ന് കണക്കാക്കിയിട്ടുണ്ടോ; അവിടത്തെ വർക്ക് ലോഡ് അസസ്സ് ചെയ്തതിനുശേഷമാണോ ഇത്രയുംപേരെ അവിടെ നിയമിച്ചിട്ടുള്ളത്; എങ്കിൽ ഇതുസംബന്ധിച്ച വിവരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അല്ലാത്തപക്ഷം അവിടേയ്ക്ക് അനുവദിച്ചിട്ടുള്ളതിൽ കൂടുതലുള്ള പോലീസുകാരെയും മറ്റു ജീവനക്കാരെയും അവിടെ നിന്നു മാറ്റി പോലീസുകാരുടെ കുറവ് അനുഭവപ്പെടുന്നിടത്തേയ്ക്ക് നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഡി.സി.ആർ.ബി.യിലേയ്ക്ക് ആവശ്യമായി വരുന്ന പോലീസുകാർ നിർബന്ധമായും യൂണിഫോം ധരിക്കണമെന്ന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ഉത്തരവ് അനുസരിക്കാത്ത പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ക്രൈം റിക്കോഡ്സ് ബ്യൂറോയിൽ 113 പേരും ഡിസ്ട്രിക്ട് ക്രൈം റിക്കോഡ്സ് ബ്യൂറോയിൽ എല്ലാ ജില്ലകളിലുമായി 223 പേരും ഇപ്പോൾ ജോലി ചെയ്യുന്നു.

(ബി) നാഷണൽ ക്രൈം റിക്കോഡ്സ് ബ്യൂറോയുടെ നിർദ്ദേശങ്ങളനുസരിച്ചാണ് സ്റ്റേറ്റ് ക്രൈം റിക്കോഡ്സ് ബ്യൂറോ പ്രവർത്തിക്കുന്നത്. ഇപ്പോഴുള്ള എക്സിക്യൂട്ടീവ് സ്റ്റാഫ് എൻ.സി.ആർ.ബി.യുടെ സ്റ്റാഫ് പാറ്റേൺ പ്രകാരം കുറവാണ്. മിനിസ്റ്റീരിയൽ ജീവനക്കാരുടെ വർക്ക് ലോഡ് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പി.ആന്റ്.എ.ആർ.ഡി.ടീം അസസ്സ് ചെയ്ത് ജീവനക്കാരുടെ എണ്ണം അധികമെന്ന് കണ്ട് ഒരു ഫെയർ കോപ്പി സൂപ്രണ്ടിന്റെ തസ്തിക കുറവ് ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല

(ഡി) എല്ലാ സമയവും നിർബന്ധമായി യൂണിഫോം ധരിക്കണമെന്ന് ഉത്തരവ് നൽകിയിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

95 (95) പോലീസ് കോൺസ്റ്റബിൾമാരുടെ ശമ്പളം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10 വർഷം സർവ്വീസ് പൂർത്തിയാക്കിയ സംസ്ഥാന പോലീസ് സർവ്വീസിലെ കോൺസ്റ്റബിൾമാർക്ക്, ഹെഡ്കോൺസ്റ്റബിളിനു തുല്യമായ നിരക്കിൽ ശമ്പളം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അത് എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്നു വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ലോക്കൽ സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന 3 വർഷത്തിൽ കൂടുതൽ സർവ്വീസുള്ളവരിൽ ഏതു വർഷംവരെയുള്ള കോൺസ്റ്റബിൾമാർക്കാണ് എച്ച്.സി. ടെസ്റ്റ് എഴുതാൻ അനുവാദം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്. ഇക്കാര്യം പരിശോധിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly